**പതിനാലാം കേരളനിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2782** 13/03/2020 ലെ മറുപടി

**പരീക്ഷാ കേന്ദ്രങ്ങളിലെ സി.സി.ടി.വി. ക്യാമറകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള : | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ മന്ത്രി) |
| (എ) എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷകളുടെ ചോദ്യ യും ക്കടലാസ് സൂക്ഷിപ്പിന് വിദ്യാ ഭ്യാസ വകുപ്പിന്റെ മുൻധാരണ യും യില്ലായ്മ മൂലം സർക്കാർ ഖജനാവിന് കോടികൾ നഷ്ടമാ യിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) എസ്.എസ്.എൽ.സി. ചോദ്യ ക്കടലാസ് സൂക്ഷിപ്പിന് സർക്കാർ ഖജനാവിന് നഷ്ടം ഉണ്ടായിട്ടില്ല. |
| (ബി) പരീക്ഷാ കേന്ദ്രങ്ങളിൽ ലോക്കറു കളും സി.സി.ടി.വി. ക്യാമറകളും ലൈറ്റുകളും സ്ഥാപിക്കുവാൻ ചെലവായ തുകയുടെ വിശദാംശം നൽകുമോ; | (ബി) ഹയർ സെക്കണ്ടറി പരീക്ഷയുടെ വിഷയത്തിൽ മിക്ക ഹയർ സെക്കണ്ടറി സ്കൂളുകളും ഒറ്റപ്പെട്ട പ്രദേശങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. കൂടാതെ ഹയർ സെക്കണ്ടറി പരീക്ഷയുടെ ചോദ്യപേപ്പറു കൾ സൂക്ഷിക്കുന്ന സ്റ്റോംങ്റൂമിന് നിലവിൽ സി.സി.ടി.വി. സൗകര്യം ഉണ്ടായിരുന്നില്ല. ടി സാഹചര്യത്തിൽ മാർച്ച് 2020 ലെ പരീക്ഷ നടത്തിപ്പിന്റെ ഭാഗമായി എല്ലാ പരീക്ഷാ കേന്ദ്രങ്ങളിലും സി.സി.ടി.വി. സജ്ജീകരിച്ചതിലൂടെ ചോദ്യപേപ്പറുകളുടെ സുരക്ഷ വർദ്ധിപ്പി ക്കാൻ സാധിച്ചു.<br>പരീക്ഷാകേന്ദ്രങ്ങളിൽ പുതിയതായി ലോക്കർ സംവിധാനം ഏർപ്പെടുത്തി യിട്ടില്ല. എല്ലാ പരീക്ഷാകേന്ദ്രങ്ങളിലും മുൻവർഷങ്ങളിൽ നിലവിൽ ഉണ്ടായി രുന്ന ലോക്കർ സംവിധാനം തന്നെയാണ് ഈ വർഷവും ഉപയോഗിക്കുന്നത്. ലോക്കർ സ്ഥാപി |

ക്കാൻ പ്രത്യേകമായി തുകയൊന്നും ചിലവായിട്ടില്ല. പരീക്ഷാകേന്ദ്രങ്ങളിൽ അധികമായി ആവശ്യം വരുന്ന ഫർണിച്ചർ, സി.സി.ടി.വി. എന്നിവ സ്ഥാപിക്കാനുള്ള ചെലവ് അതാത് സ്കൂൾ പി.ഡി.അക്കൗണ്ടിൽ നിന്നാണ് വിനിയോഗിക്കുന്നത്. അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ മാനേജ് മെന്റ് സ്വന്തം ചെലവിൽ മേൽ പരാമർശം ക്രമീകരണങ്ങൾ സ്ഥാപിക്കുന്നതാണ്.

(സി) ചോദ്യക്കടലാസുകൾ സൂക്ഷിപ്പുമായി ബന്ധപ്പെട്ട് സർക്കാരിന്റെ അന്തിമ തീരുമാനം എന്താണ്; അറിയിക്കുമോ;

(സി) എസ്.എസ്.എൽ.സി. ചോദ്യക്കടലാസുകൾ ട്രഷറി/ബാങ്ക് ലോക്കറുകളിൽ സൂക്ഷിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്.

(ഡി) അപ്രായോഗിക നിർദ്ദേശങ്ങൾ വകുപ്പിൽ കൊണ്ടുവരുന്നത് മൂലം സർക്കാർ ഖജനാവിനുണ്ടാകുന്ന പണനഷ്ടവും വിഫലമായ അദ്ധ്വാനവും കണക്കിലെടുത്ത് നയങ്ങൾ പുനഃപരിശോധിക്കുവാൻ തയ്യാറാകുമോ എന്ന് അറിയിക്കുമോ?

(ഡി) ചോദ്യപേപ്പറിന്റെ സുരക്ഷയും പരീക്ഷാനടത്തിപ്പിന്റെ സുതാര്യതയും ഉറപ്പുവരുത്താനാണ് സർക്കാർ നടപടി സ്വീകരിച്ചിരിക്കുന്നത്. ചോദ്യക്കടലാസുകൾ തരംതിരിച്ച് പരീക്ഷാറൂമുകളിലേയ്ക്ക് നൽകുന്ന പ്രക്രിയ കൃത്യതയോടെയും സുതാര്യമായും നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സി.സി.ടി.വി. യുടെ സാന്നിധ്യം ഉപകരിക്കും. എസ്.എസ്.എൽ.സി. പരീക്ഷയുടെ കൃത്യതയും സുതാര്യതയും ഉറപ്പുവരുത്തുവാൻ സർക്കാർ സ്വീകരിച്ച നടപടി മൂലം ഖജനാവിന് നഷ്ടം ഉണ്ടായിട്ടില്ല.

സെക്ഷൻ ഓഫീസർ